# THE SPOTLIGHT

Voice of fathima

## Fathima Arts and sciences College Moothedam

Managed by The Malankara Catholic Diocese of Bathery,
Affiliated to University of Calicut.
Moothedam, Nilambur, Malappuram Dt-679331
www.fasc.ac.in ,fasc.ac.in@gmail.com

2026 JULY

ISSUE#5

DIGITAL MAGAZINE

# 'ഫസ്റ്റ് ചാപ്റ്റർ'

## എഫ്.വൈ.യു.ജി.പി. ഉദ്ഘാടനവും നവാഗതർക്കുള്ള സ്വീകരണവും




മലയാളം സർവ്വ കലാശാല വൈസ് ചാൻസിലർ
പ്രഫ.ഡോ. വി. അനിൽകുമാർ വള്ളത്തോൾ




മൂത്തേടം: ഉന്നതവിദ്യാഭ്യാസ രംഗത്തെ പുതിയ ചുവടുവെപ്പായ നാല് വർഷ ബിരുദ കോഴ്സുകൾക്ക് (FYUGP) മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിൽ ആവേശകരമായ തുടക്കം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എഫ്.വൈ.യു.ജി.പി. ഉദ്ഘാടന വും പുതിയ അധ്യയന വർഷത്തെ നവാഗതർക്കുള്ള സ്വീകരണവും 'ഫസ്റ്റ് ചാപ്റ്റർ' എന്ന പേരിൽ കോളേജ് കാമ്പസിൽ പ്രൗഢ ഗംഭീരമായി സംഘടിപ്പിച്ചു.



തുഞ്ചത്തെഴുത്തച്ചൻ മലയാളം സർവ്വ കലാശാല വൈസ് ചാൻസിലർ പ്രഫ.ഡോ. വി. അനിൽകുമാർ വള്ളത്തോൾ പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പുതിയ വിദ്യാഭ്യാസ രീതി വിദ്യാർത്ഥികൾ ക്ക് കൂടുതൽ തൊഴിൽസാധ്യതകളും ഗവേഷണ അഭിരുചികളും നൽകാൻ പര്യാപ്തമാണെന്ന് അദ്ദേഹം അഭിപ്രായ പ്പെട്ടു.

കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് സി.ഇ.ഒ.ഫാ.അബ്രഹാം പതാക്കൽ മുഖ്യപ്രഭാഷണം നടത്തി. ബർസാർ ഫാ. കുര്യാക്കോസ് മാതാപ്പാറ, അക്കാദമിക് കോ-ഓർഡിനേറ്റർ ആര്യാ മോഹൻ, അധ്യാപകരായ എസ്. ശ്രുതി, സോണിയ തോമസ്, ഷിഫ്ന തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.




പുതിയ കാമ്പസ് ജീവിതത്തിലേക്ക് കാലെടുത്തുവെച്ച നവാഗതരെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ആവേശത്തോടെയാണ് വരവേറ്റത്.

ഔദ്യോഗിക ചടങ്ങുകൾക്ക് ശേഷം വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടി കളും മനോഹരമായ ദൃശ്യവിരുന്നൊ രുക്കിയ ശില്പവും അരങ്ങേറി. പുതിയ കോഴ്സിന്റെയും കാമ്പസ് ജീവിതത്തി ന്റെയും തുടക്കം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ വേറിട്ടൊരു അനുഭവമാക്കി മാറ്റാൻ 'ഫസ്റ്റ് ചാപ്റ്ററി'ന് സാധിച്ചു.

ചരിത്രം സൃഷ്ടിക്കപ്പെടുന്നത് അസാധാരണമായ നിമിഷങ്ങളിലല്ല; ഓരോ ദിവസവും സാധാരണ കടമകളെ അസാധാരണമായ സമർപ്പണത്തോടെ നിർവഹിക്കുന്ന മനുഷ്യരിലൂടെയാണ്. ആ സമർപ്പണത്തിന്റെ മനോഹരമായ യാത്രയാണ് ഫാത്തിമ.
ഓരോ അധ്യയന വർഷവും സമയം കലണ്ടറിൽ ചേർക്കുന്ന മറ്റൊരു അധ്യായമല്ല; സ്വപ്നങ്ങൾക്ക് പുതിയ ചിറകുകളും, ചിന്തകൾക്ക് പുതിയ ദിശകളും, ജീവിതത്തിന് പുതിയ അർത്ഥങ്ങളും സമ്മാനിക്കുന്ന ഒരു നവയാത്രയാണ്. ആ യാത്രയിൽ കൈവരിക്കുന്ന ഓരോ നേട്ടവും, ഓരോ അനുഭവവും, ഓരോ കൂട്ടായ പരിശ്രമവും ഒരു സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യമായി മാറുന്നു.
ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഓരോ ചുവടും അക്കാദമിക മികവിന്റെയും സർഗാത്മകതയുടെയും സാമൂഹിക പ്രതിബദ്ധതയുടെയും കൂട്ടായ പരിശ്രമത്തിന്റെയും സാക്ഷ്യമാണ്. നമ്മുടെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും ആത്മസമർപ്പണവും സഹകരണവുമാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ ശക്തി.

ഈ യാത്ര ഇനിയും കൂടുതൽ പ്രതീക്ഷയോടെയും പുതുമയോടെയും മുന്നേറട്ടെ. ചിന്തകൾക്ക് ചിറകേകാനും, സ്വപ്നങ്ങൾക്ക് ദിശനൽകാനും, സമൂഹത്തിന് മൂല്യമുള്ള മനുഷ്യരെ വാർത്തെടുക്കാനും നമുക്ക് ഒരുമിച്ച് തുടർന്നും പരിശ്രമിക്കാം.
*"Excellence is not a destination; it is a way of life."*
എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.



**Rev. Dr. Shibin James**
**Principal**
**Fathima Arts and Science College, Moothedam**

സംസാരം നല്ല വാക്കുകൾ കൊണ്ടാകണം
എന്റെ ദാസന്മാരോട് നീ പറയുക:
അവർ ഏറ്റവും നല്ല വാക്കുകൾ
മാത്രമേ പറയാവൂ...
വിശുദ്ധ ഖുർആൻ 17:53

# ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 'ഫാസ്ക് കണക്റ്റ്-2026' ഇൻഡക്ഷൻ പ്രോഗ്രാം




മൂത്തേടം: മൂത്തേടം ഫാത്തിമ ആർട്സ് & സയൻസ് കോളേജിൽ പുതിയ അധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായുള്ള ഇൻഡക്ഷൻ പ്രോഗ്രാം 'ഫാസ്ക് കണക്റ്റ്-2026' (Fasc Connect-2026) കോളേജ് ഓഡിറ്റോറിയ ത്തിൽ വെച്ച് സംഘടിപ്പിച്ചു.
കോളേജ് പ്രിൻസിപ്പാൾ ഫാ.ഡോ.ഷിബിൻ പി. ജെയിംസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, ബർസാർ ഫാ.സബിൻ അബ്രഹാം തുടങ്ങിയവർ സംസാരിച്ചു. പുതിയ ക്യാമ്പസ് ജീവിതത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും വിവിധ പഠന പദ്ധതികളെക്കുറിച്ചുള്ള അവബോധവും നൽകുന്നതിനാ ണ് പ്രോഗ്രാം സംഘടിപ്പിച്ചത്.
തുടർന്ന് വിദ്യാർത്ഥികൾക്കായി വിവിധ വിഷയങ്ങളിൽ പ്രമുഖർ നയിച്ച സെഷനുകൾ നടന്നു. നാലുവർഷ ബിരുദ പ്രോഗ്രാമിനെ ക്കുറിച്ചുള്ള 'FYUGP സെഷൻ' ഡോ. ടി.പി. നാജിയ ബീഗവും, 'ആഡ് ഓൺ കോഴ്സ് സെഷൻ' ഡോ. പി. എ. അതുല്യയും കൈകാര്യം ചെയ്തു.
വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നടന്ന ഇൻട്രക്റ്റീവ് സെഷന് കെ. നീതു നേതൃത്വം നൽകി. അഡ്മിഷൻ നടപടികളെ ക്കുറിച്ചുള്ള സെഷൻ കവിതയും, കോളേജ് ബസ് സൗകര്യങ്ങളു മായി ബന്ധപ്പെട്ട വിവരങ്ങൾ അശ്വതി വിനുകുമാറും വിശദീക രിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഫിലിപ്പ് നൈനാൻ, പ്രിൻസ് ഫ്രാൻസീസ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ഒന്നാം വർഷ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.



# ഗായിക എസ്. ജാനകിയമ്മ അനുസ്മരണ യോഗം




**ഉദ്ഘാടനം കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഷിബിൻ പി. ജെയിംസ്**

മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിലെ 'സൗണ്ട് ഗാർഡൻ' സംഗീത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിഖ്യാത ഗായിക എസ്. ജാനകിയമ്മ അനുസ്മരണ യോഗം സംഘടിപ്പിച്ചു. ഇന്ത്യൻ ചലച്ചിത്ര സംഗീത ലോകത്തിന് ജാനകിയമ്മ നൽകിയ സമാനതകളില്ലാത്ത സംഭാവനകളെ യും അവരുടെ ആലാപന മാധുര്യത്തെയും അനുസ്മരിച്ചാ യിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്.
കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് യോഗം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മ്യൂസിക് ക്ലബ് കോ-ഓർഡിനേറ്റർ കെ. ശരണ്യ അധ്യക്ഷത വഹിച്ചു.തുടർന്ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, കോളേജ് ബർസാർ ഫാ. സബിൻ അബ്രാഹം, ട്രാവൽ ആന്റ് ടൂറിസം വിഭാഗം മേധാവി ഫിലിപ്പ് നൈനാൻ എന്നിവർ ജാനകിയമ്മയുടെ സംഗീത സപര്യയെയും ശ്രദ്ധേയമായ ഗാനങ്ങളെയും മുൻനിർത്തി സംസാരിച്ചു.
ചടങ്ങിൽ മ്യൂസിക് ക്ലബ്ബ് സബ് കോ ഓർഡിനേറ്റർ ടി.കെ. സതീശൻ സ്വാഗതവും, ക്ലബ്ബ് അംഗം പി.ജി. ജ്യോതി കൃഷ്ണ നന്ദിയും രേഖപ്പെടുത്തി. അധ്യാപകരായ എം ശ്രീലത, അശ്വതി വിനുകുമാർ , നീതു, വിഷ്ണു വിപിൻ , എ . ഷിഫ്ന തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.






**ഫാത്തിമ കോളേജ് ലൈബ്രറിയുടെ 'The Spotlight' വാർത്താപത്രികയിലേക്കുള്ള സൃഷ്ടികൾ 7594932104 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യുക**



ഫാത്തിമ കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന മാസാന്ത വാർത്താ പത്രികയായ 'The Spotlight' നാലാം പതിപ്പ് കോളേജ് ബർസാർ റവ. സാബിൻ എബ്രഹാം, സി.ഇ.ഒ. റവ.ഫാ.അബ്രഹാം പതാക്കൽ എന്നി വർ ചേർന്ന്പ്രകാശനം ചെയ്യുന്നു

# 'ഫേസ് കണക്ട് - 2026' അധ്യാപക വികസന പരിപാടി






മൂത്തേടം: ബത്തേരി കത്തോലിക്കാ രൂപതയുടെ കീഴിലുള്ള മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ അധ്യാപകർക്കായി 'ഫേസ് കണക്ട് - 2026' (FACE CONNECT - 2026) എന്ന പേരിൽ അധ്യാപക വികസന പരിപാടി (Faculty Development Programme) സംഘടിപ്പിച്ചു. കോളേജിലെ ഐ.ക്യു.എ.സി. (IQAC), 'ഫേസ്' (ഫാത്തിമ അക്കാദമിക് സെന്റർ ഫോർ എക്സലൻസ് - FACE) എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പരിപാടി നടത്തിയത്.
"അധ്യാപകരെ ശാക്തീകരിക്കുന്നു, മികവ് ഉയർത്തുന്നു" എന്ന ലക്ഷ്യത്തോടെ കോളേജ് സ്മാർട്ട് ക്ലാസ് റൂമിൽ നടന്ന ചടങ്ങിൽ കൊട്ടിയം ഡോൺ ബോസ്കോ കോളേജ് ഡയറക്ടർ റവ. ഫാ. ഡോ. ഫ്രാൻസിസ് കാരാക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസ രംഗത്തെ വളർച്ചയ്ക്കും അധ്യാപന മികവ് വർദ്ധിപ്പിക്കുന്നതിനും അധ്യാപകർ നിരന്തരം സ്വയം പുതുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.
കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് യോഗം ഉദ്ഘാടനം ചെയ്തു. കോളേജ് സി.ഇ.ഒ ഫാ. എബ്രഹാം പതാക്കൽ, കോളേജ് ബർസാർ ഫാ. സബിൻ അബ്രാഹം തുടങ്ങിയവർ സംസാരിച്ചു.കോളേജ് അധികൃതരും അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.






**എഡിറ്റോറിയൽ**

പ്രിയപ്പെട്ടവരെ,
മാറ്റങ്ങളുടെയും പുതിയ തുടക്കങ്ങളുടെയും മാസമാണ് ജൂലൈ. കാമ്പസിലേക്ക് പുതുതായി കടന്നുവന്ന നവാഗതർക്കുള്ള ഊഷ്മളമായ സ്വീകരണത്തോടെയും, കോളേജ് അന്തരീക്ഷത്തെ അടുത്തറിയാൻ അവരെ സഹായിച്ച ഇൻഡക്ഷൻ പ്രോഗ്രാമോടെയുമാണ് ഈ അധ്യയന വർഷത്തിന് നമ്മൾ തുടക്കമിട്ടത്. അറിവിന്റെ ലോകത്തേക്ക് അടിയുറച്ച ചുവടുകളോടെ കടന്നുവന്ന എല്ലാ കൂട്ടുകാർക്കും ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ സ്വാഗതം!
വിദ്യാഭ്യാസ രംഗത്തെ പുതിയ മാറ്റങ്ങളെ ഉൾക്കൊള്ളാനും അധ്യാപന മികവ് വർദ്ധിപ്പിക്കാനുമായി സംഘടിപ്പിച്ച 'ഫേസ് കണക്ട്' അധ്യാപക വികസന പരിപാടിയും, ഇന്ത്യൻ സംഗീത ലോകത്തെ വാനമ്പാടി ഗായിക ജാനകിയമ്മയെ അനുസ്മരിച്ചുകൊണ്ട് നടത്തിയ ചടങ്ങുകളും ഈ മാസത്തെ കാമ്പസ് ഓർമ്മകളിൽ തെളിഞ്ഞുനിൽക്കുന്നു.
എന്നാൽ ഇതൊരു തുടക്കം മാത്രമാണ്; വരാനിരിക്കുന്ന വലിയൊരു സർഗ്ഗാത്മക യാത്രയുടെ ആദ്യ ചുവടുവെപ്പ്!
ഇനി ഈ മാഗസിൻ മുന്നോട്ട് പോകേണ്ടതും വളരേണ്ടതും നിങ്ങളിലൂടെയാണ്.
നമ്മുടെ കാമ്പസിലെ പ്രതിഭകളുടെ സർഗ്ഗാത്മകമായ രചനകൾ (കവിതകൾ, കഥകൾ, ലേഖനങ്ങൾ, ചിത്രരചനകൾ), കാമ്പസ് വിശേഷങ്ങൾ, പുസ്തക പരിചയങ്ങൾ എന്നിവകൊണ്ടെല്ലാം ഈ ഡിജിറ്റൽ ഇടം ഇനിയും സമ്പന്നമാകേണ്ടതുണ്ട്. നിങ്ങളുടെ വരികൾക്കും ചിന്തകൾക്കും പ്രകാശിക്കാൻ പറ്റിയ ഏറ്റവും മികച്ച വേദിയായി 'Spotlight' എപ്പോഴും കൂടെയുണ്ടാകും.
നിങ്ങളുടെ മികച്ച സൃഷ്ടികളും നിർദ്ദേശങ്ങളും വരും പതിപ്പുകൾക്കായി പ്രതീക്ഷിച്ചുകൊണ്ട്, ഏറെ സ്നേഹത്തോടെ ഈ കൊച്ചു പതിപ്പ് നിങ്ങളുടെ വായനയ്ക്കായി സമർപ്പിക്കുന്നു.
സ്നേഹപൂർവ്വം,
എഡിറ്റോറിയൽ ബോർഡ്
ഫാത്തിമ കോളേജ് ലൈബ്രറി



**സെൽഫി സ്പോട്ടിലേക്ക് നിങ്ങൾക്കും സെൽഫികൾ അയക്കാം**
**+91 75949 32104**